13
ഡിസംബർ 2018 വ്യാഴം
1194 വൃശ്ചികം 27
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14+4 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

കൂട്ടിയും കിഴിച്ചും രാഹുൽ

പൈലറ്റ്മാർ ആരൊക്കെ?

● കമൽനാഥ്, അശോക് ഗെലോട്ട്, ഭൂപേഷ് ബാഗൽ എന്നിവർക്ക് സാദ്ധ്യത ● ഗെലോട്ടിനെയും സച്ചിൻ പൈലറ്റിനെയും ഡൽഹിക്ക് വിളിച്ചു

പ്രസൂൺ എസ്.കണ്ടത്ത്

ന്യൂഡൽഹി: ബി.ജെ.പിയിൽ നിന്ന് ഭരണം തിരിച്ചു പിടിച്ച മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലെ കോൺഗ്രസ് മുഖ്യമന്ത്രിമാരുടെ കാര്യത്തിൽ അന്തിമ തീരുമാനമായില്ല. സംസ്ഥാനങ്ങളിൽ നിന്ന് ഒന്നിലധികം നേതാക്കളുടെ പേരുകൾ ഉയർന്നതിനാലാണ് തീരുമാനം വൈകുന്നത്.

മുഖ്യമന്ത്രിമാരെ നിശ്ചയിക്കാനും സർക്കാർ രൂപീകരണത്തിനും ഹൈക്കമാൻഡ് നിയോഗിച്ച സീനിയർ നേതാവ് എ.കെ. ആന്റണി മദ്ധ്യപ്രദേശിലും എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ രാജസ്ഥാനിലും മല്ലികാർജ്ജുനഖാർഗെ ഛത്തീസ്ഗഡിലും സംസ്ഥാന നേതാക്കളുമായും എം.എൽ.എമാരുമായും ചർച്ചകൾ നടത്തി. സംസ്ഥാനങ്ങളിലെ വിശദമായ റിപ്പോർട്ട് മൂന്നു നിരീക്ഷകരും ഇന്ന് രാവിലെ ഡൽഹിയിൽ രാഹുൽ ഗാന്ധിക്ക് കൈമാറും. നേതാക്കളുമായി ഒരു വട്ടം ചർച്ച നടത്തിയ ശേഷം രാഹുൽ മുഖ്യമന്ത്രിമാരെ പ്രഖ്യാപിക്കുമെന്നാണ് സൂചന.

മദ്ധ്യപ്രദേശിൽ മുതിർന്ന നേതാവും പി.സി.സി അദ്ധ്യക്ഷനുമായ കമൽനാഥിനും രാജസ്ഥാനിൽ മുൻ മുഖ്യമന്ത്രിയും മുതിർന്ന നേതാവുമായ അശോക് ഗെലോട്ടിനുമാണ് സാദ്ധ്യതയെന്നാണ് സൂചന. ഛത്തീസ്ഗഢിൽ പി.സി.സി അദ്ധ്യക്ഷൻ ഭൂപേഷ് ബാഗൽ, മുൻ പ്രതിപക്ഷനേതാവ് ടി.എസ്.സിംഗ്ദേ, ഒ. ബി.സി നേതാവ് തമ്രദ്വജ് സാഹു, മുൻ മന്ത്രിയും മുതിർന്ന നേതാവുമായ ചരൺദാസ്മഹന്ത് എന്നിവരെ ചുറ്റി ചർച്ചകൾ തുടരുകയാണ്.

രാജസ്ഥാൻ

സച്ചിൻ പൈലറ്റ്

അശോക് ഗെലോട്ട്

മുഖ്യമന്ത്രി സ്ഥാനത്തേക്ക് അശോക് ഗെലോട്ടും സച്ചിൻ പൈലറ്റും തമ്മിൽ ഒരു ശീതമത്സരം ഉണ്ടെന്ന് വ്യക്തമാണ്. അതുകൊണ്ടുതന്നെ ഇരുവരെയും ഹൈക്കമാൻഡ് ഡൽഹിക്ക് വിളിച്ചിരിക്കുകയാണ്. ഇന്നലെ നടന്ന നിയമസഭാകക്ഷിയോഗത്തിൽ സ്വതന്ത്ര എം.എൽ.എമാർ സച്ചിൻ പൈലറ്റിനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പി.സി.സി അദ്ധ്യക്ഷൻ എന്ന നിലയിൽ പാർട്ടിയെ ശക്തിപ്പെടുത്തിയതിന്റെ അംഗീകാരമായി മുഖ്യമന്ത്രി പദം നൽകണമെന്ന് സച്ചിന്റെ അനുയായികളും വാദിക്കുന്നു.



മദ്ധ്യപ്രദേശ്

എ.കെ. ആന്റണി നടത്തിയ ചർച്ചകളിൽ കമൽനാഥിന് പിന്തുണ ലഭിച്ചെന്നാണ് സൂചന. അതേസമയം ജ്യോതിരാദിത്യ സിന്ധ്യയ്ക്കു വേണ്ടിയും വാദിക്കുന്നവരുണ്ട്. വൈകിട്ട് എ.കെ ആന്റണിയുടെ നേതൃത്വത്തിൽ നിയമസഭാകക്ഷി യോഗം ചേർന്നെങ്കിലും മുഖ്യമന്ത്രി ആരെന്ന് തീരുമാനിക്കുന്നത് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിക്ക് വിട്ടന്നതായി പ്രമേയം പാസാക്കി പിരിഞ്ഞു.

ഛത്തീസ്ഗഢ്

ഹൈക്കമാൻഡ് ദൂതനായി മല്ലികാർജ്ജുന ഖാർഗെ ഇന്നലെ വൈകിട്ട് എത്തിയ ശേഷമാണ് ചർച്ചകൾ സജീവമായത്.

പി.സി.സി അദ്ധ്യക്ഷൻ ഭൂപേഷ് ബാഗലിന് നറുക്കു വീഴുമെന്ന് സൂചനയുണ്ട്. മുഖ്യമന്ത്രി സ്ഥാനത്തേക്ക് തർക്കമില്ലെന്നും ഒറ്റക്കെട്ടായി തീരുമാനമെടുക്കുമെന്നും ഖാർഗെ പറഞ്ഞു.

മിസോറം: സൊറാംതാംഗ 15ന് അധികാരമേൽക്കും

ന്യൂഡൽഹി: മിസോറമിൽ സൊറാംതാംഗയുടെ നേതൃത്വത്തിൽ മിസോ നാഷണൽ ഫ്രണ്ട്(എം.എൻ.എഫ്) സർക്കാർ 15ന് അധികാരമേൽക്കും. നിയമസഭാ തിരഞ്ഞെടുപ്പിൽ വ്യക്തമായ ഭൂരിപക്ഷം നേടിയ സൊറാംതാംഗയെ ഗവർണർ കുമ്മനം രാജശേഖരൻ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിച്ചിരുന്നു. 15ന് ഉച്ചയ്ക്ക് 12 മണിക്കാണ് സത്യപ്രതിജ്ഞ.

തെലുങ്കാന: ചന്ദ്രശേഖർ റാവു ഇന്ന് അധികാരമേൽക്കും

ന്യൂഡൽഹി: തെലങ്കാനയിൽ തകർപ്പൻ വിജയം നേടിയ കെ. ചന്ദ്രശേഖർ റാവുവിന്റെ നേതൃത്വത്തിലുള്ള തെലങ്കാന രാഷ്ട്ര സമിതി(ടി.ആർ.എസ്) സർക്കാർ ഇന്ന് അധികാരമേൽക്കും. മുഖ്യമന്ത്രി ചന്ദ്രശേഖർ റാവുവിനൊപ്പം മറ്റു മന്ത്രിമാരും ചുമതലയേൽക്കും. മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചിട്ടില്ല. ജ്യോതിഷ ശാസ്ത്രപ്രകാരം ഉച്ചയ്ക്ക് 12.12ന് സത്യപ്രതിജ്ഞ നടക്കും. 119 അംഗ സഭയിൽ 88 സീറ്റാണ് ടി.ആർ.എസ് നേടിയത്. 2014ൽ രൂപീകൃതമായ തെലങ്കാനയിൽ റാവുവിന്റെ ആദ്യ സർക്കാർ കാലാവധി പൂർത്തിയാകും മുൻപ് പിരിച്ചുവിട്ട് തിരഞ്ഞെടുപ്പിനെ നേരിടുകയായിരുന്നു.

ആട്ടോ, ടാക്സി നിരക്ക് വർദ്ധന നിലവിൽ വന്നു

തിരുവനന്തപുരം: ആട്ടോ, ടാക്സി നിരക്ക് വർദ്ധന ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്നു. ആട്ടോറിക്ഷയുടെ മിനിമം ചാർജ് 25 രൂപയും ടാക്സിയുടേത് 175 രൂപയുമാണ്. ആട്ടോയിൽ മിനിമം നിരക്കിൽ ഒന്നര കിലോമീറ്ററും ടാക്സിയിൽ 5 കിലോമീറ്ററും യാത്ര ചെയ്യാം.

ഫയൽ കൂമ്പാരം

സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് ഒന്നര ലക്ഷം ഫയലുകൾ!

തിരുവനന്തപുരം: സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി കെട്ടിക്കിടക്കുന്നത് 1,54,781 ഫയലുകൾ. ഒക്ടോബർ 31 വരെയുള്ള കണക്കാണിത്. നിയമസഭയിൽ കെ.എസ്. ശബരീനാഥന്റെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയതാണ് കണക്ക്. ഏറ്റവുമധികം ഫയലുകൾ കെട്ടിക്കിടക്കുന്നതിന്റെ റെക്കാഡ് തദ്ദേശസ്വയംഭരണ വകുപ്പിലാണ്, 33705 ഫയലുകൾ.

മറ്റു വകുപ്പുകളും ഫയലുകളും

റവന്യൂ	14,264
ആഭ്യന്തരം	12,620
പൊതുവിദ്യാഭ്യാസം	10,214
ആരോഗ്യ കുടുംബക്ഷേമം	7055
ജലവിഭവം	5212
നികുതി	5076
വ്യവസായം	4750
പൊതുഭരണം	4522
പൊതുമരാമത്ത്	4023
ധനകാര്യം	3691
സഹകരണം	3628
വനം-വന്യജീവി	3562
ഉന്നത വിദ്യാഭ്യാസം	3436
സാംസ്കാരികം	1642
പിന്നാക്ക സമുദായവികസനം	944
തീരദേശ കപ്പൽഗതാഗതം, ഉൾനാടൻ ജലഗതാഗതം	147

“ ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽനീക്കം ത്വരിതഗതിയിലാക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ

വനിതാ മതിലിന് ചെന്നിത്തല മുഖ്യരക്ഷാധികാരി !

ആലപ്പുഴ: സർക്കാർജനുവരിഒന്നിന് സംഘടിപ്പിക്കുന്ന വനിതാ മതിലിന്റെ ജില്ലാ സംഘാടക സമിതിയുടെ മുഖ്യരക്ഷാധികാരികളിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും. ഇന്നലെ മന്ത്രി തോമസ് ഐസക്കിന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന സംഘാടക സമിതി രൂപീകരണയോഗമാണ് ചെന്നിത്തലയെ ഉൾപ്പെടുത്തിയത്.

മന്ത്രിമാരായ ജി. സുധാകരൻ, തോമസ് ഐസക്, പി. തിലോത്തമൻ എന്നിവരോടൊപ്പമാണ് രമേശ് ചെന്നിത്തലയെയും മുഖ്യരക്ഷാധികാരിയാക്കിയിരിക്കുന്നത്. ഹരിപ്പാട് നിന്നുള്ള ജനപ്രതിനിധിയാണ് ചെന്നിത്തല. എന്നാൽ തന്നെ മുഖ്യരക്ഷാധികാരിയാക്കിയതിൽ ചെന്നിത്തലപ്രതിഷേധിച്ചു.

ജില്ലാകളക്ടർ എസ്. സുഹാസിനെ ഫോണിൽ വിളിച്ച് ചെന്നിത്തല പ്രതിഷേധം അറിയിച്ചു. ജില്ലയിൽ നിന്നുള്ള എം.പിമാരും എം.എൽ.എമാരും സംഘാടക സമിതി രക്ഷാധികാരികളായതുകൊണ്ടാണ് രമേശ് ചെന്നിത്തലയെയും ഉൾപ്പെടുത്തിയതെന്നാണ് സംഘാടകസമിതിയുടെ വിശദീകരണം.

“ നടപടി ഉടൻ പിൻവലിക്കണം. അപഹാസ്യമായ രാഷ്ട്രീയഗിമ്മിക്കും സാമാന്യമര്യാദയുടെ ലംഘനവുമാണിത്. എന്നോട് ഒരു വാക്ക് പോലും ചോദിക്കാതെ ഇത് ചെയ്തതിലുള്ള പ്രതിഷേധം ആലപ്പുഴ ജില്ലാ കളക്ടറെ ഫോണിൽ വിളിച്ചറിയിച്ചിട്ടുണ്ട്.

- പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല

വെള്ളംചൂടാക്കവേ തീപടർന്ന് വൃദ്ധ മരിച്ചു

കായംകുളം: അടുക്കളയിൽ കൂട്ടിയിട്ടിരുന്ന കരിയിലയിൽനിന്ന് തീ പടർന്ന് വൃദ്ധ വെന്തു മരിച്ചു. കണ്ടല്ലൂർ വടക്ക് വാഴവേലിൽ വടക്കത്തിൽ പരേതനായ പരമേശ്വരൻനായരുടെ ഭാര്യ ശങ്കരിഅമ്മ(90) ആണ് മരിച്ചത്. ഇളയ മകനായ സോമൻനായരോടൊപ്പം താമസിക്കുന്ന ശങ്കരിഅമ്മ കുളിക്കാൻ വെള്ളം ചൂടാക്കുന്നതിന് കുടുംബവീട്ടിലെത്തിയതായിരുന്നു. അടുക്കളയിൽനിന്ന് തീയും പുകയും ഉയരുന്നതുകണ്ട സമീപവാസികൾ തീ അണയ്ക്കാൻ ശ്രമിച്ചെങ്കിലും രക്ഷിക്കാനായില്ല.

കുളിക്കാൻ വെള്ളം ചൂടാക്കുന്നതിനിടെ കരിയിലയിൽനിന്ന് തീവ സ്തൂത്തിലേക്ക് പടർന്നെന്നാണ് നിഗമനം. തീ പടർന്നത് ശങ്കരിഅമ്മയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടാവില്ലെന്ന് കരുതുന്നു. ആൾത്താമസമില്ലാത്ത കുടുംബവീട്ടിരാവിലെ ശങ്കരിഅമ്മയാണ് തുറക്കുക. രണ്ടുമാസം മുമ്പും ഇവിടെ ഇത്തരത്തിൽ തീപിടിത്തം ഉണ്ടായി. അപ്പോൾ നാട്ടുകാർ തീ അണച്ച് ശങ്കരിഅമ്മയെ രക്ഷപ്പെടുത്തിയിരുന്നു.

ശബരിമല: വരുമാനക്കുറവിന്റെ ആശങ്കയിൽ ബോർഡ്

പേജ് 7

തലവര

രാജസ്ഥാനിൽ തോറ്റവരിൽ
ഇന്ത്യയിലെ
ആദ്യ 'പശു മന്ത്രി'
ഓടാറാം ദേവസിയും

പശുവല്ല വോട്ടർമാർ...
കുത്താൻ വന്നാൽ
ഓട് റാം കണ്ടം വഴി...

ഭക്തരെ ശരംകുത്തിയിൽ തടയരുത്: ഹൈക്കോടതി

നിയമകാര്യ ലേഖകൻ

കൊച്ചി: ശബരിമല നടയടച്ച ശേഷം രാത്രിയിൽ മലകയറുന്ന ഭക്തരെ ശരംകുത്തിയിൽ തടയരുതെന്നും വാവരുനട, മഹാകാണിക്ക, താഴേ തിരുമുറ്റം എന്നിവിടങ്ങളിൽ ഭക്തർക്ക് എത്താനാവുന്ന തരത്തിൽ ബാരിക്കേഡുകൾ പുനഃക്രമീകരിക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു. ശബരിമല വിഷയത്തിൽ ഹൈക്കോടതി നിയോഗിച്ചമുന്നംഗ നിരീക്ഷണസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം ഡിവിഷൻബെഞ്ചിന്റെ നിർദ്ദേശം. ശബരിമലയിൽ സ്ഥിതി സാധാരണ ഗതിയിലാകുന്നതോടെ നിയന്ത്രണങ്ങളിൽ ഇളവു നൽകുന്നതിന് ഡി.ജി.പി ഉചിതമായ നിർദ്ദേശം നൽകണം. ശബരിമലയിൽ പ്രതിഷേധം പാടില്ലെന്നും ക്രമസമാധാന പ്രശ്നമുണ്ടായാൽ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി.

നിർദ്ദേശങ്ങൾ

- നിലയ്ക്കലിലെ പൊലീസ് ബങ്കറുകളിൽ എ.സി സ്ഥാപിക്കുന്നതും താത്കാലിക വൈദ്യുതി കണക്ഷൻ ഗാർഹിക കണക്ഷനാക്കി മാറ്റുന്നതും സംബന്ധിച്ച് കെ.എസ്.ഇ.ബി നിലപാട് അറിയിക്കണം
- നിലയ്ക്കൽപ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നതും ഹൃദ്രോഗ വിദഗ്ധനെ നിയമിക്കുന്നതും സംബന്ധിച്ച് ദേവസ്വം ബോർഡ് അഭിപ്രായം അറിയിക്കണം
- പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലെ കടകളിൽ ഡ്യൂട്ടി മജിസ്ട്രേട്ടിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾക്ക് പരിശോധന തുടരാം.
- കാട്ടാനകളുടെയും പാമ്പുകളുടെയും ശല്യമൊഴിവാക്കാൻ എലിഫന്റ് സ്ക്വാഡ്, പാമ്പുപിടിത്തക്കാർ തുടങ്ങിയവരുടെ സേവനം ഉറപ്പാക്കണം
- പമ്പയിൽ കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് വനഭൂമി വിട്ടുനൽകുന്നതിൽ റാന്നി ഡി.എഫ്.ഒ നിലപാട് ഒരാഴ്ചയ്ക്കുള്ളിൽ അറിയിക്കണം
- നിലയ്ക്കലിലെ ടോയ്‌ലെറ്റുകളിൽ ഫ്ലഷ് സൗകര്യമുള്ള വാട്ടർ ടാങ്കുകൾ വേണമെന്ന സമിതിയുടെ ശുപാർശയിൽ ദേവസ്വംബോർഡ് വിശദീകരണം നൽകണം.
- നിലയ്ക്കലിൽ നിന്ന് പമ്പയിലേക്ക് പോകുന്ന ഭക്തർ മടക്കയാത്രയുടെ ടിക്കറ്റ് കൂടി എടുക്കണമെന്ന് നിർബന്ധിക്കരുത്.

നിരോധനാജ്ഞ 16 വരെ നീട്ടി

പത്തനംതിട്ട: ശബരിമലയിൽ നിരോധനാജ്ഞ 16ന് അർദ്ധരാത്രി വരെ നീട്ടിയതായി ജില്ലാകളക്ടർ അറിയിച്ചു. ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലാണ് നിരോധനാജ്ഞ ഏർപ്പെടുത്തിയത്. സംഘർഷ സാദ്ധ്യതയുണ്ടെന്ന ജില്ലാ പൊലീസ് മേധാവി, എ.ഡി.എം, നിലയ്ക്കൽ എക്സിക്യൂട്ടീവ്മജിസ്ട്രേട്ട് എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇതോടെ ശബരിമല തുടർച്ചയായി ഒരു മാസം നിരോധനാജ്ഞയുടെ കീഴിലായി.

ആലുവ കൂട്ടക്കൊലക്കേസ്: ആന്റണിയുടെ വധശിക്ഷ സുപ്രീംകോടതി ജീവപര്യന്തമാക്കി

ന്യൂഡൽഹി: ആലുവ കൂട്ടക്കൊലക്കേസിൽ പ്രതി ആന്റണിയുടെ വധശിക്ഷ ജീവപര്യന്തമായി സുപ്രീംകോടതി ഇളവുചെയ്തു. ജസ്റ്റിസുമാരായ മദൻ ബി. ലോകൂർ, എസ്. അബ്ദുൾ നസീർ, ദീപക് ഗുപ്ത എന്നിവരുടെ ബെഞ്ചിന്റേതാണ് വിധി.

പ്രതിയുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം, ക്രിമിനൽ പശ്ചാത്തലം ഉണ്ടായിരുന്നോ തുടങ്ങിയ കാര്യങ്ങൾ വിചാരണക്കോടതിയും ഹൈക്കോടതിയും പരിഗണിച്ചില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. സുപ്രീംകോടതി വധശിക്ഷ ശരിവയ്ക്കുകയും രാഷ്ട്രപതി ദയാഹർജി തള്ളുകയും ചെയ്ത കേസിലാണ് വീണ്ടും തുറന്ന കോടതിയിൽ വാദം കേട്ട് ശിക്ഷയിൽ ഇളവ് വരുത്തിയത്.

കുറ്റവാളിയെയും പരിഗണിക്കണം

കുറ്റത്തെ മാത്രമല്ല കുറ്റവാളിയെയും പരിഗണിക്കണമെന്ന നിലപാടിന് ഊന്നൽ കൊടുത്താണ് ശിക്ഷ ഇളവ് ചെയ്തത്.

വധശിക്ഷ വിധിക്കുമ്പോൾ പ്രതിയുടെ സാമ്പത്തിക സാമൂഹ്യ സാഹചര്യം കൂടി പരിഗണിക്കണമെന്ന മുൻകാലവിധികൾ വിധിന്യായത്തിൽ ചൂണ്ടിക്കാട്ടി. വിചാരണക്കോടതിയും ഹൈക്കോടതിയും ഇത് പരിഗണിച്ചില്ല. സാമൂഹ്യ സാമ്പത്തിക സാഹചര്യം ഒരാൾ ചെയ്ത കുറ്റത്തെ ഇല്ലാതാക്കുന്നില്ലെങ്കിലും അതും പരിഗണിക്കണം.

താത്കാലിക ഡ്രൈവറായി തന്നെ ആന്റണിക്ക് ഗൾഫിൽ ജോലിക്ക് പോകാനായി പണം കണ്ടെത്താൻ കഴിഞ്ഞില്ല. ഹാർഡ്‌വെയർ ഷോപ്പ് ഉടമയും സുഹൃത്തുമായ അഗസ്റ്റിനോട് പണം ചോദിച്ചെങ്കിലും ലഭിക്കാത്തതാണ് കുറ്റകൃത്യത്തിലേക്ക് നയിച്ചതെന്ന് പൊലീസ് പറയുന്നുണ്ട്. കടുത്ത സാമ്പത്തിക സമ്മർദ്ദമാണ് പ്രതി അനുഭവിച്ചത്. കൊടുംകുറ്റവാളിയാണെന്നതിന്മതിയായതെളിവില്ല. കുറ്റവാളിയുടെ മാനസിക പരിവർത്തനവും സമൂഹത്തിലേക്കുള്ള പുനരധിവാസ സാദ്ധ്യതകളും പരിഗണിക്കപ്പെടണം. കുറ്റകൃത്യം പൊതുസമൂഹത്തിൽ ഉളവാക്കുന്ന ഞെട്ടൽ വധശിക്ഷയ്ക്കുള്ള കാരണമായി അംഗീകരിക്കാനാവില്ലെന്നും കോടതി പറഞ്ഞു.

വിശദവാർത്തകൾ

പേജ് 7

തുറന്ന കോടതി തുണയായി

വിചാരണക്കോടതി 2005 ഫെബ്രുവരി 2ന് വധശിക്ഷ വിധിച്ചു. 2006 സെപ്തംബർ 18ന് ഹൈക്കോടതി ശരിവച്ചു. അതു സുപ്രീംകോടതി സ്റ്റേ ചെയ്തെങ്കിലും 2009ൽ വധശിക്ഷ ശരിവച്ചു. പുനഃപരിശോധനാ ഹർജി 2010 ഏപ്രിലിൽ ചേംബറിൽ കേട്ട് സുപ്രീംകോടതി തള്ളി. 2015ൽ രാഷ്ട്രപതി ദയാഹർജിയും തള്ളി. ശിക്ഷ നടപ്പാക്കാൻ സംസ്ഥാന സർക്കാർ നീക്കവും നടത്തി. എന്നാൽ, 2014ൽ മുഹമ്മദ് ആരിഫും സുപ്രീംകോടതി രജിസ്റ്റാറുംതമ്മിൽ നടന്ന കേസിൽ വധശിക്ഷയുടെ പുനഃപരിശോധനാ ഹർജി തുറന്ന കോടതിയിൽ കുറഞ്ഞത് 30 മിനിട്ടെങ്കിലും വാദം കേൾക്കണമെന്ന് വിധി വന്നിരുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി അഭിഭാഷകൻ മനോജ് വി. ജോർജ് സുപ്രീംകോടതിയിൽ ഹർജി നൽകുകയായിരുന്നു. തുടർന്നാണ് ഹർജി തുറന്ന കോടതിയിൽ വാദം കേട്ടതും പുതിയ വിധി വന്നതും.